കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 24 | ആഗസ്റ്റ് 31 2025

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

3 കൃഷി വകുപ്പ് നേരിട്ട് സംഭരിച്ച നെല്ലിന്റ വില നൽകി. 477534 കിലോ നെല്ല് സംഭരിച്ചു. 1.17 കോടി രൂപ അനുവദിച്ചു

5 മിൽമ കൗ മിൽക്ക് ഒരു ലിറ്റർ ബോട്ടിൽ വിപണിയിൽ ഉദ്ഘാടനം മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിച്ചു

7 ആരോഗ്യ കേരളത്തെ സൃഷ്ടിക്കണം: കൃഷിമന്ത്രി പി പ്രസാദ്

## സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞം 2025–26

# ഓണത്തിന് ഒരു മുറം പച്ചക്കറി വിളവെടുപ്പ് സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു



കൃഷി വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞം പരിപാടിയുടെ ഭാഗമായുള്ള 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിയുടെ വിളവെടുപ്പ് ഉത്ഘാടനം  സെക്രട്ടേറിയറ്റ് അങ്കണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുന്നു.

ഓണക്കാലത്ത് സുരക്ഷിത പച്ചക്കറികൾ നമ്മുടെ വീട്ടുവളപ്പുകളിൽ നിന്ന് തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ച് കൃഷി വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞം പരിപാടിയുടെ ഭാഗമായുള്ള 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിയുടെ വിളവെടുപ്പ് ഉത്ഘാടനം  സെക്രട്ടേറിയറ്റ് അങ്കണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. കൃഷിമന്ത്രി പി പ്രസാദ് അധ്യക്ഷനായ ചടങ്ങിൽ റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ, ജലവിഭവ വകുപ്പ് മന്ത്രി റോഷിഅഗസ്റ്റിൻ, വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി, ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി അഡ്വ. ജി. ആർ. അനിൽ, ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ആർ.ബിന്ദു, ഫിഷറീസ് സാംസ്കാരിക യുവജനകാര്യ വകുപ്പ് മന്ത്രി സജി ചെറിയാൻ, കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ, ആരോഗ്യ വനിത ശിശുക്ഷേമ വകുപ്പ് മന്ത്രി വീണ ജോർജ്, പട്ടികജാതി പട്ടിക വർഗ്ഗ വകുപ്പ് മന്ത്രി ഒ ആർ കേളു, രജിസ്ട്രേഷൻ മ്യൂസിയം & പുരാവസ്തു വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ, ധനകാര്യ വകുപ്പുമന്ത്രി കെ എൻ ബാലഗോപാൽ, ചീഫ് സെക്രട്ടറി ഡോ. എ ജയതിലക് ഐ എ എസ്, കാർഷിക ഉത്പാദന കമ്മീഷണർ ഡോ. ബി അശോക് ഐ എ എസ്, കൃഷി വകുപ്പ്

ചീഫ് എഡിറ്റർ - സിന്ധു കെ.എസ്.
എഡിറ്റർ - ഡോ. വി. കൃഷ്ണദാസ്
അസോസിയേറ്റ് എഡിറ്റർ - മന കെ.ജി.
അസിസ്റ്റൻറ് എഡിറ്റർ - സുജിത്ത് എസ്.എസ്.



ഡയറക്ടർ ഡോ. ശ്രീറാം വെങ്കിട്ടരാമൻ ഐ എ എസ്, കൃഷി അഡീഷണൽ ഡയറക്ടർ തോമസ് സാമുവൽ, പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ സിന്ധു. കെ എസ്. തുടങ്ങിയവരും മറ്റ് ഉദ്യോഗസ്ഥരും പങ്കെടുത്തു.

ഓണനാളുകളിൽ പച്ചക്കറിയുടെ ലഭ്യത സുലഭമാക്കുന്നതിനായും വിപണിയിൽ ഉണ്ടായേക്കാവുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിനുമായി 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിയിലൂടെ ആവശ്യമായ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങി പൊതു സമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

പച്ചക്കറി ഇനങ്ങളായ വെണ്ട (60), വഴുതന (100), കത്തിരി (55), തക്കാളി (116), അമര (25), മുളക് (164) ചീര (30) എന്നിവ 550 ഓളം ചെടിച്ചട്ടികളിലും, 10 സെന്റോളം സ്ഥലത്ത് ചീരയും വെണ്ടയും കൃഷി ചെയ്തിട്ടുണ്ട്. പന്തൽ ഇനങ്ങളായ പയർ, ബീൻസ്, പാവൽ, സലാഡ് വെള്ളരി, പടവലം, എന്നിവയും, പുഷ്പ വർഗ്ഗങ്ങളായ സൂര്യകാന്തി, ജമന്തി എന്നിവ 98 ഓളം ചെടിച്ചട്ടികളിലും കൃഷി ചെയ്തിരിക്കുന്നു. കരനെല്ല് നട്ട് പിടിപ്പിച്ച് കേരളത്തിന്റെ ഭൂപട മാതൃക (എന്റെ കേരളം) പച്ചക്കറിത്തോട്ടത്തിൽ വളരെ മനോഹരമായി ഒരുക്കിയിട്ടുണ്ട്.

സുരക്ഷിതമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിനായി കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പോഷക സമൃദ്ധി മിഷനിൽ ഉൾപ്പെട്ട വിവിധ ഇനം വിളകളായ പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, പയർവർഗ്ഗങ്ങൾ എന്നിവ ഉൾപ്പെടുത്തി കൊണ്ട് ഒരു മാതൃകാ പോഷകത്തോട്ടവും ഇവിടെ ഒരുക്കിയിട്ടുണ്ട്. പോഷകത്തോട്ടത്തിൽ കൂവക്കിഴങ്ങ്, മഞ്ഞൾ, കസ്തൂരി മഞ്ഞൾ, ഇഞ്ചി, പാൽ ചേമ്പ്, താമര കണ്ണൻ ചേമ്പ്, കാച്ചിൽ, മരച്ചീനി, മധുരകിഴങ്ങ്, പനിക്കൂർക്ക, മുരിങ്ങ, ചേന, അഗത്തി ചീര, കറിവേപ്പില, പപ്പായ, വാഴ, ശീമപ്ലാവ് എന്നിവയാണ് കൃഷിചെയ്തിരിക്കുന്നത്. പോഷക സമൃദ്ധവും, വൈറ്റമിൻ, ധാതുക്കൾ എന്നിവയാൽ സമ്പന്നവുമായ കൂൺ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇവിടെ ഒരു കൂൺ യൂണിറ്റിന്റെ മാതൃകയും നിർമ്മിച്ചിട്ടുണ്ട്.

ഇതു കൂടാതെ വരാൽ മീനുകളുടെ ഒരു മീൻ കുളവും തയ്യാറാക്കിയിട്ടുണ്ട്. ജമന്തി, സൂര്യകാന്തി, ചോളം എന്നിവ ബോർഡറിൽ ഇക്കോളജിക്കൽ എഞ്ചിനീയറിംഗ് സാങ്കേതിക വിദ്യ അവലംബിച്ച് നട്ടുപിടിപ്പിച്ച് കൊണ്ട് പച്ചക്കറിത്തോട്ടത്തെ മനോഹരമാക്കിയിരിക്കുന്നു.

### സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞം പദ്ധതിയുടെ വിശദാംശങ്ങൾ

2025-26 സാമ്പത്തിക വർഷത്തിൽ പദ്ധതിയ്ക്കായി 6045.00 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി ഒരു ലക്ഷം സങ്കരയിനം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, ഒരു കോടി സങ്കരയിനം പച്ചക്കറി തൈകളും പൂർണ്ണമായും സൗജന്യമായി കർഷകർക്ക് വിതരണം നടത്തുന്നു. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹനത്തിനായി 4 മുതൽ 5 വരെ പച്ചക്കറി വിത്തിനങ്ങൾ അടങ്ങിയ 10 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, വിവിധ മാധ്യമങ്ങൾ മുഖേന 2 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, ദീർഘകാല വിളകളായ അഗത്തി, മുരിങ്ങ, കറിവേപ്പ് എന്നിവയുടെ ഒരു ലക്ഷം തൈകളും പൂർണ്ണമായും സൗജന്യമായി വിതരണം നടത്തുന്നു. ഇതു

കൂടാതെ ഓരോ വീട്ടുവളപ്പിലും പോഷകത്തോട്ടം നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തൊട്ടാകെ ഒരു ലക്ഷം പോഷകത്തോട്ടങ്ങൾ നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു. കൂടാതെ സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്ത കർഷകർക്ക് മട്ടുപ്പാവ് കൃഷിയ്ക്കായി 8000 യൂണിറ്റ് മൺചട്ടി/ HDPE ചട്ടികളിൽ 25 വിവിധ ഇനം പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച് നൽകുന്നു. സർക്കാർ/സർക്കാരിതര/ സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ചു വരുന്നുണ്ട്.

വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറൊന്നിന് ഒരു ലക്ഷം രൂപ ധനസഹായത്തിൽ 100 ഹെക്ടർ സ്ഥലത്ത് 'കൃത്യതാ കൃഷി' നടപ്പിലാക്കുന്നു. ഇതു കൂടാതെ കുറഞ്ഞത് 3 മുതൽ 5 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്ന കർഷകർക്ക് ക്ലസ്റ്റർ ഘടകത്തിൽ ഉൾപ്പെടുത്തി 1.25 ലക്ഷം രൂപ നിരക്കിൽ 800 ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകുന്നു. ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/- രൂപയും, പന്തൽ ആവശ്യമില്ലാത്തതിന് 20,000/- രൂപയും ധനസഹായം നൽകി വരുന്നു. ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 30,000/- രൂപയും പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ പ്രോത്സാഹനത്തിനായി ഹെക്ടറൊന്നിന് 10,000/- രൂപയും ധനസഹായം നൽകുന്നു.

ജനകീയാസൂത്രണ പദ്ധതികൾ, സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ, VFPCK തുടങ്ങിയവ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ മുഖേനയും, പച്ചക്കറി ഉൽപ്പാദന വർദ്ധനവിനും, വിപണിയിൽ ഉണ്ടാകുന്ന വില വർദ്ധനവ് നിയന്ത്രിക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

മേൽ പറഞ്ഞ പദ്ധതി ഘടകങ്ങൾ പ്രകാരം ഓണക്കാലത്ത്0. 21526ലക്ഷംഹെക്ടറിൽ പച്ചക്കറി കൃഷി നടപ്പിലാക്കുവാനും അതുവഴി 2.40589 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദനവും പ്രതിക്ഷിക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്ന 2021-22 സാമ്പത്തിക വർഷത്തിൽ പച്ചക്കറി വിസ്തൃതി 1.08 ലക്ഷം ഹെക്ടറും ഉല്പാദനം 16.01 ലക്ഷം മെട്രിക് ടണ്ണും ആയിരുന്നത് 2024-25 സാമ്പത്തിക വർഷത്തിൽ പച്ചക്കറി വിസ്തൃതി 1.22 ലക്ഷം ഹെക്ടറും ഉല്പാദനം 19.10 ലക്ഷം മെട്രിക് ടണ്ണും ആയി ഉയർത്തുവാൻ സാധിച്ചു.

# കൃഷി വകുപ്പ് നേരിട്ട് സംഭരിച്ച നെല്ലിന്റ വില നൽകി

## 477534 കിലോ നെല്ല് സംഭരിച്ചു. 1.17 കോടി രൂപ അനുവദിച്ചു

ഉഷ്ണതരംഗത്തെ തുടർന്ന് പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറിയതിനെ തുടർന്ന് വലിയതോതിലുള്ള വിളനാശം നേരിട്ട കർഷകരിൽ നിന്നും കൃഷി വകുപ്പ് നേരിട്ട് ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് മുഖേന സംഭരിച്ച നെല്ലിന് സംഭരണ തുകയായി 1 കോടി 17 ലക്ഷം അനുവദിച്ചതായി കൃഷി മന്ത്രി പി. പ്രസാദ് പ്രസ്താവിച്ചു. ഉപ്പുവെള്ളം പാടശേഖരങ്ങളിൽ കയറിയതിനെ തുടർന്ന് പതിരായ നെല്ല് സംഭരിക്കുന്നതിൽ മില്ലുകാർ വൻതോതിൽ കിഴിവ് ആവശ്യപ്പെടുകയും നെല്ല് സംഭരിക്കുന്നതിൽ വിമുഖത കാണിക്കുകയും ചെയ്ത സാഹചര്യത്തിലാണ് സർക്കാർ ഈ വിഷയത്തിൽ നേരിട്ട് ഇടപെട്ടത്. വിള ഇൻഷ്വറൻസ് പദ്ധതി ഉറപ്പാക്കി പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിള നാശത്തിനുള്ള നഷ്ടപരിഹാരം ഉറപ്പാക്കുക എന്നതാണ് പ്രായോഗികമായ നടപടി എന്നിരിക്കിലും കർഷകരുടെ അധ്വാനത്തിനുള്ള പരിഹാരം കേവലം നഷ്ടപരിഹാര തുകയിൽ മാത്രം ഒതുക്കി നിർത്താൻ കഴിയുന്നതല്ല എന്ന വസ്തുതയിൽ നിന്നാണ് ഉപ്പ് വെള്ളം കയറിയ പാടശേഖരങ്ങളിൽ നിന്നും കൃഷി വകുപ്പ് നേരിട്ട് നെല്ല് സംഭരിക്കുന്നതിന് ആലോചിച്ചത്. സംസ്ഥാനത്ത്






സപ്ലൈകോയിലൂടെ കേന്ദ്ര സർക്കാരുമായുള്ള ധാരണയുടെ അടിസ്ഥാനത്തിലാണ് കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നത്. സപ്ലൈകോ മില്ലുകാരെ ചുമതലപ്പെടുത്തിയാണ് സംഭരണ പ്രവർത്തനങ്ങൾ പാടശേഖര അടിസ്ഥാനത്തിൽ നിർവ്വഹിക്കുന്നത്. ഇത്തരത്തിൽ സപ്ലൈകോ വിവിധ മില്ലുകൾ മുഖേന സംഭരിക്കുന്ന നെല്ല് അരിയാക്കി തിരികെ സപ്ലൈകോയിലേക്കും പിന്നീട് പൊതു വിതരണ കേന്ദ്രങ്ങളിലൂടെ ഉപഭോക്താക്കളിലേക്കും വിതരണം ചെയ്ത അളവിന്റെ അടിസ്ഥാനത്തിൽ അതാത് മാസാവസാനം മാത്രമേ കേന്ദ്രത്തോട് തുക ആവശ്യപ്പെട്ട് അപേക്ഷ നൽകാൻ കഴിയുകയുള്ളൂ. 2601 കോടി രൂപ ഇനിയും കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കാനുണ്ട് മന്ത്രി പറഞ്ഞു. റേഷൻ കടകളിലെ EPOS യന്ത്രങ്ങൾ തകരാറിലാകുന്നത് പോലും സമയബന്ധിതമായി കർഷകരുടെ നെല്ലിന്റെ തുക നൽകാൻ തടസ്സമാകുന്ന സ്ഥിതിയുണ്ട്. കർഷകരുടെ പ്രതിസന്ധിയിൽ ഇത്തരത്തിൽ ഉണ്ടാകുന്ന കാലതാമസം ഒരിക്കലും ന്യായീകരിക്കാൻ കഴിയുന്നതല്ല. കലാവസ്ഥതിഷ്ഠിത വിലഇൻഷുറൻസ് മാത്രമായിരുന്നു പിന്നീട് അധികമായി കർഷകർക്ക് നൽകാൻ കഴിയുന്ന ഒരു സഹായം. എന്നാൽ കൊയ്തെടുത്ത നെല്ല് ഉപേക്ഷിക്കാൻ കഴിയില്ല, ഈ സ്ഥിതിയിലാണ് ചരിത്രത്തിൽ ആദ്യമായി കൃഷിവകുപ്പ് നേരിട്ട് കർഷകരിൽ നിന്നും നെല്ല് സംഭരിക്കാൻ തീരുമാനിച്ചത്. അതിൽ കടമ്പകൾ ഏറെയായിരുന്നെങ്കിലും ക്യാബിനെറ്റിൽ ഇക്കാര്യം അവതരിപ്പിച്ച് മുഖ്യമന്ത്രിയുടെയും ധനകാര്യ വകുപ്പ് മന്ത്രിയുടെയും എല്ലാ വിധ പിന്തുണയോടും കൂടെ വകുപ്പ് നെല്ല് സംഭരിക്കാൻ തീരുമാനിക്കുകയായിരുന്നു മന്ത്രി പറഞ്ഞു. ഓയിൽ പാം ഇന്ത്യ ലിമിറ്റഡിനെ ഇതിനായി നിയോഗിക്കാൻ സർക്കാർ തീരുമാനിച്ചു. സംഭരണ സംവിധാനങ്ങളുടെ അപര്യാപ്തത ഓയിൽ പാം ഇന്ത്യയെ സംബന്ധിച്ചിടത്തോളം മറ്റൊരു വെല്ലുവിളിയായിരുന്നു. വെയർഹൗസിങ് കോർപറേഷൻ സംഭരണ കേന്ദ്രങ്ങളിൽ സൗകര്യം ഒരുക്കി മുന്നോട്ട് വന്നു, അങ്ങനെ കേരളത്തിൽ ആദ്യമായി കൃഷി വകുപ്പ് നേരിട്ട് നെല്ല് സംഭരിക്കുന്ന പ്രവർത്തനങ്ങൾക്ക് നമ്മൾ സാക്ഷ്യം വഹിച്ചു, മന്ത്രി പറഞ്ഞു.

ആലപ്പുഴ മുൻസിപ്പാലിറ്റിയിലെ കന്നിട്ട സി പാടശേഖരത്തിലെ 70 കർഷകരിൽ നിന്നും 83077 kg നെല്ല് (19.91356 ലക്ഷം രൂപ), അമ്പലപ്പുഴ നോർത്ത് - കാട്ടുകോണം പാടശേഖരത്തിലെ 146 കർഷകരിൽ നിന്നും 255174 kg നെല്ല് (61.8848 ലക്ഷം രൂപ), കോലടിക്കാട് പാടശേഖരത്തിലെ 70 കർഷകരിൽ നിന്നും 68068 kg നെല്ല് (16.50785 ലക്ഷം രൂപ) വട്ടപ്പായിത്ര പാടശേഖരത്തിലെ 8 കർഷകരിൽ നിന്നും 9230 കിലോ നെല്ല് (2.23846 ലക്ഷം രൂപ), മാവേലിക്കര മുൻസിപ്പാലിറ്റി- കണ്ടിയൂർ പുഞ്ച പാടശേഖരത്തിൽ നിന്നും ഒരു കർഷകന്റെ 1919 kg നെല്ല് (0.48704 ലക്ഷം രൂപ), പാലമേൽ - ഉളവക്കാട് കരിമുക്കം പാടശേഖരത്തിലെ 4 കർഷകരിൽ നിന്നും 10432 കിലോ നെല്ല് (2.52457 ലക്ഷം രൂപ), മാന്നാർ - കുട വെള്ളാരി എ പാടശേഖരത്തിൽ നിന്നും 26 കർഷകരുടെ 40481 കിലോ നെല്ല് (11.41490 ലക്ഷം രൂപ), വെണ്മണി - കണ്ണാടി മുണ്ടോടി പാടശേഖരത്തിലെ 10 കർഷകരിൽ നിന്നും 9161 കിലോ നെല്ല് (2.32506 ലക്ഷം രൂപ) എന്നിങ്ങനെ 8 പാടശേഖരങ്ങളിൽ നിന്നും 335 കർഷകരുടെ 477542 കിലോ നെല്ല് സംഭരിച്ചതിന്റെ വിലയായി 1.1729624 കോടി രൂപ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതായി മന്ത്രി അറിയിച്ചു. ഒരാഴ്ച്ചക്കകം നെല്ലിന്റെ തുക കർഷകരുടെ അകൗണ്ടിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കും മന്ത്രി കൂട്ടിച്ചേർത്തു.

ഉപ്പുവെള്ളം കയറി കൃഷിനാശമുണ്ടായ കർഷകർക്ക് വിള ഇൻഷുറൻസ് പരിരക്ഷയോടൊപ്പമാണ് നെല്ല് സർക്കാർ സംഭരിച്ച കർഷകർക്ക് തുക ലഭ്യമാക്കുന്നതെന്നും മന്ത്രി പറഞ്ഞു. PRS വായ്പ നൽകുന്നത് സിബിൽ സ്കോർ കുറയുന്നതിന് കരണമാകുന്നെന്ന തെറ്റായ ധാരണ കർഷകർക്കിടയിൽ ഉണ്ടായിരുന്നു. എന്നാൽ അത് ഇളവില്ലാതെ മുഴുവൻ തുകയും സമയബന്ധിതമായി സർക്കാർ ബാങ്കുകളിൽ അടയ്ക്കുമ്പോൾ സിബിൽ സ്കോർ വർദ്ധിക്കുകയാണ് ചെയ്യുന്നത് മന്ത്രി കൂട്ടിച്ചേർത്തു. കുറ്റമറ്റ രീതിയിൽ നെല്ല് സംഭരണം നടത്തുന്നതിൽ കർഷകരോടൊപ്പം തുടർന്നും ചേർന്ന് നിന്ന് പ്രവർത്തിക്കുമെന്ന് മന്ത്രി പറഞ്ഞു. കാർഷിക യന്ത്രവത്കരണത്തിൽ നമ്മൾ ശ്രദ്ധ കേന്ദ്രികരിക്കണം. ഡ്രോൺ ഉൾപ്പെടെയുള്ള ആധുനിക കൃഷി രീതികൾ നമ്മുടെ കൃഷിയിടങ്ങളിൽ പ്രവർത്തികമാക്കണമെന്നും മന്ത്രി പറഞ്ഞു. അമ്പലപ്പുഴ എം.എൽ.എ.

ഹെച്ച്. സലിം അധ്യക്ഷനായ ചടങ്ങിൽ കൃഷി അഡീഷണൽ ഡയറക്ടർ സിന്ധു എസ് സ്വാഗതം പറഞ്ഞു. ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് ചെയർമാൻ ആർ രാജേന്ദ്രൻ മുഖ്യപ്രഭാഷണം നടത്തി. ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർ അമ്പിളി സി. ജനപ്രതിനിധികൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# മിൽമ കൗ മിൽക്ക് ഒരു ലിറ്റർ ബോട്ടിൽ വിപണിയിൽ ഉദ്ഘാടനം മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിച്ചു

## കഴിഞ്ഞ സാമ്പത്തികവർഷം ടി.ആർ.സി.എം.പി.യുവിന് 39 കോടിയുടെ ലാഭം




മിൽമ കൗ മിൽക്ക് ഒരു ലിറ്റർ ബോട്ടിൽ വിപണിയിൽ ഇറക്കുന്ന ചടങ്ങിൽ മന്ത്രി ജെ. ചിഞ്ചുറാണി മന്ത്രി കെ എൻ ബാലഗോപാലിന് ഉൽപ്പന്നം കൈമാറുന്നു.

മിൽമ ഉല്പന്നങ്ങളുടെ വിപണി വർധിപ്പിക്കുന്നതിന്റെ ഭാഗമായും ഓണവിപണി ലക്ഷ്യമിട്ടും 'മിൽമ കൗ മിൽക്ക്' ഒരു ലിറ്റർ ബോട്ടിൽ മിൽമ തിരുവനന്തപുരം മേഖലാ യൂണിയൻ (ടിആർസിഎംപിയു) വിപണിയിലിറക്കി. 'മിൽമ കൗ മിൽ ക്ക്' ഒരു ലിറ്റർ ബോട്ടിലിന്റെ ഉദ്ഘാടനവും പ്രകാശനവും മൃഗ സംരക്ഷണ-ക്ഷീര വികസന മന്ത്രി ജെ ചിഞ്ചുറാണി നിർവഹിച്ചു. ധനകാര്യ മന്ത്രി കെ എൻ ബാലഗോപാൽ അധ്യക്ഷനായി. പാലിന്റെ തനത് ഗുണമേന്മയും സ്വാഭാവിക തനിമയും നിലനിർത്തുന്ന പ്രോട്ടീൻ സമ്പുഷ്ടമായ 'മിൽമ കൗ മിൽക്ക്' ഒരു ലിറ്റർ ബോട്ടിലിന് 70 രൂപയാണ് വില.

മിൽമ കൗ മിൽക്ക് ഒരു ലിറ്റർ ബോട്ടിൽ പദ്ധതി നടപ്പിലാക്കുന്നതോടു കൂടി പ്ലാസ്റ്റിക് കവറു കളുടെ ഉപയോഗം കുറയ്ക്കാൻ സാ ധിക്കുമെന്ന് മന്ത്രി ജെ ചിഞ്ചുറാണി പറഞ്ഞു. ആദ്യഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിലാണ് വില്പന. തുടർന്ന് കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലേക്കും വിതരണം വ്യാപിപ്പിക്കും. വൈവിധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കിയതിലൂടെ കഴിഞ്ഞ സാമ്പത്തികവർഷം ചരിത്രത്തിലാദ്യമായി 39 കോടി രൂപയുടെ ലാഭം കൈവരിക്കാൻ ടിആർ സിഎംപിയുവിന് കഴിഞ്ഞു.

ഇതിvdJz 83 ശതമാനവും ഇൻസെൻ്റീവ്, സബ്സിഡി, കാലിത്തീറ്റ സബ്സിഡി, പലിശ ഇളവ് തുടങ്ങിയവയിലൂടെ ക്ഷീരകർഷകർക്ക് നല്കി. കന്നുകാലികൾക്കുള്ള സമഗ്ര ഇൻഷ്വറൻസ് പദ്ധയുടെ ആദ്യഗഡുവായ 50 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ക്ഷീരകർഷകരുടെ ചികിത്സാ ചെലവുകൾക്കായി രണ്ട് ലക്ഷം രൂപ വരെ യും അപകടങ്ങളിൽ ഏഴ് ലക്ഷം രൂപ വരെയും നല്കുന്നുണ്ട്. ക്ഷീരകർഷകരുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി ക്ഷേമനിധിബോർഡ് സ്കോളർഷിപ്പുകൾ, വിവാഹ ധനസഹായം എന്നിവയും നൽകുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

മിൽമയുടെ മാർക്കറ്റിങ് രംഗത്തെ ഇടപെടൽ അഭിനന്ദനാർഹമാണെന്നും വിശ്വാസ്യതയാണ് മിൽമയുടെ മുഖമുദ്രയെന്നും ധനകാര്യമന്ത്രി കെ എൻ ബാലഗോപാൽ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. നൂതന ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്ന മിൽമ ഇക്കാര്യത്തിൽ ബഹുദൂരം മുന്നിലാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ടിആർസിഎംപിയു ചെയർമാൻ മണി വിശ്വനാഥ് സ്വാഗതം പറഞ്ഞു. ക്ഷീരവികസന വകുപ്പ് ഡയറക്ടർ ശാലിനി ഗോപിനാഥ്, ടിആർസിഎംപിയു ഭരണസമിതി അംഗങ്ങളായ കെ ആർ മോഹനൻ പിള്ള, ടി കെ വേണുഗോപാൽ, ആയാപറമ്പ് രാമചന്ദ്രൻ, ടി കെ പ്രുഥുലചന്ദ്രൻ, സിനില ഉണ്ണികൃഷ്ണൻ, ടിആർസിഎംപിയു മാനേജിങ് ഡയറക്ടർ മുഹമ്മദ് അൻസാരി സി എ എന്നിവർ സംസാരിച്ചു.

തെരഞ്ഞെടുത്ത ക്ഷീര സംഘങ്ങളിൽ നിന്നും മിൽമ നേരിട്ട് സംഭരിക്കുന്ന ശുദ്ധമായ പശുവിൻ പാലിൽ നിന്നും ഉണ്ടാക്കുന്ന മിൽമ കൗ മിൽക്കിൽ 3.2 ശതമാനം കൊഴുപ്പും 8.5 ശതമാനം കൊഴുപ്പിതര ഖരപദാർത്ഥങ്ങളും അടങ്ങിയിരിക്കുന്നു. ഉയർന്ന ഗുണമേൻമയുള്ള ഫുഡ്ഗ്രേഡ് പ്ലാസ്റ്റിക് ബോട്ടിലാണ് പാക്കിങ്ങിനായി ഉപയോഗിച്ചിരി ക്കുന്നത്. ശീതികരിച്ച് സൂക്ഷിച്ചാൽ മൂന്നു ദിവസം വരെ മിൽമ കൗ മിൽക്ക് കേടു കൂടാതിരിക്കും.

# കർഷക ഭാരതി അവാർഡ് – 2024

ഫാം ഇൻഫർമേഷൻ ബ്യൂറോ നൽകുന്ന 2024 വർഷത്തെ കർഷക ഭാരതി അവാർഡുകൾ കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് പ്രഖ്യാപിച്ചു.

## കർഷക ഭാരതി അവാർഡ് ശ്രവ്യ മാധ്യമം

ഏറ്റവും മികച്ച ശ്രവ്യ മാധ്യമ രംഗത്തെ ഫാം ജേർണലിസ്റ്റിനുള്ള അവാർഡ്. 50,000 രൂപയും ഫലകവും സർട്ടിഫിക്കറ്റും അടങ്ങുന്നതാണ് പുരസ്കാരം

**ശ്രീ മുരളീധരൻ തഴക്കര**
പ്രോഗ്രാം എക്സിക്യൂട്ടീവ് (റിട്ട) ആകാശവാണി, തഴക്കര പി. ഒ
മാവേലിക്കര തിരുവനന്തപുരം



- മുപ്പത് വർഷക്കാലം ആകാശവാണിയുടെ കാർഷിക ഗ്രാമീണ പരിപാടിയുടെ ചുമതലക്കാരനായിരുന്ന ശ്രീ മുരളീധരൻ തഴക്കര, ഓണാട്ടുകരയിൽ കായംകുളത്ത് പ്രക്ഷേപണം ആരംഭിച്ച കമ്മ്യൂണിറ്റി റേഡിയോയ്ക്കാവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകി വരുന്നു.
- ലോക പ്രശസ്ത കൃഷി ശാസ്ത്രജ്ഞൻ ഡോ. എം. എസ്. സ്വാമിനാഥൻ അടക്കമുള്ള ശാസ്ത്രജ്ഞന്മാരെയും, പത്മശ്രീ ശ്രീ ചെറുവയൽ രാമൻ തുടങ്ങിയ അവാർഡ് ജേതാക്കളായ കർഷകരെയും അനുഭവ സമ്പത്തുള്ള നൂറു കണക്കിന് കർഷകരുമായും അഭിമുഖം നടത്തുകയും പ്രക്ഷേപണം ചെയ്യുകയും ചെയ്തു.
- ശ്രവ്യ മാധ്യമ രംഗത്തെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയതും ആനുകാലിക പ്രസക്തമായ വിഷയങ്ങൾ തെരെഞ്ഞെടുത്തതുമാണ് ശ്രീ മുരളീധരൻ തഴക്കരയെ അവാർഡിനർഹമാക്കിയത്.

## കർഷക ഭാരതി അവാർഡ് ദൃശ്യ മാധ്യമം

ഏറ്റവും മികച്ച ദൃശ്യ മാധ്യമ രംഗത്തെ ഫാം ജേർണലിസ്റ്റിനുള്ള അവാർഡ്. 50,000 രൂപയും ഫലകവും സർട്ടിഫിക്കറ്റും അടങ്ങുന്നതാണ് പുരസ്കാരം

**ശ്രീ കുറിച്ചി രാജശേഖരൻ**
വെട്ടിക്കാട് വീട്, കുറിച്ചി പി. ഒ
കോട്ടയം



കേരളത്തിന്റെ കാർഷിക സാധ്യതകളിലേക്ക് വെളിച്ചം വീശുന്ന കാർഷിക കളമൊരുക്കി കഞ്ഞിക്കുഴി, പാടാം ചങ്ങാലി ചക്കയ്ക്കുമുണ്ട് നേടാം വരുമാനം, കലാലയത്തിലെ കാർഷികാർജ്ജുനീയം തുടങ്ങിയ കൃഷിയുടെ വ്യത്യസ്തമായ മേഖലകളിലെ വിജയകരമായ പ്രകടനത്തെ ദൃശ്യവത്കരിക്കുന്ന പരിപാടികൾ മികവുറ്റ ചിത്രീകരണത്തിലൂടെ അവതരിപ്പിച്ചതാണ് പുരസ്കാരത്തിന് അർഹമാക്കിയത്.

## കർഷക ഭാരതി അവാർഡ് അച്ചടി മാധ്യമം

2024- വർഷത്തെ അച്ചടി മാധ്യമം വിഭാഗം അവാർഡ് രണ്ട് പേർ പങ്കിടുന്നു.

ഏറ്റവും മികച്ച ഫാം ജേർണലിസ്റ്റും മലയാള ഭാഷയിലൂടെ കാർഷിക മേഖലയ്ക്ക് വിലപ്പെട്ട സംഭാവനകൾ നൽകുന്നതുമായ വ്യക്തിക്കുള്ള അവാർഡ്. 50,000 രൂപയും, ഫലകവും, സർട്ടിഫിക്കറ്റും അടങ്ങുന്നതാണ് പുരസ്കാരം.

**ഡോ. മുഹമ്മദ് ആസിഫ്. എം**
വെറ്ററിനറി സർജൻ,
വെറ്ററിനറി ഡിസ്പെൻസറി,
മംഗൽപ്പാടി, കാസറഗോഡ്



- കാർഷിക മാധ്യമ മേഖലയിൽ ഒരു പതിറ്റാണ്ടായി സജീവമായ ഇടപെടലുകൾ നടത്തി വരുന്നു.
- വിവിധ പത്രമാധ്യമങ്ങളിലായി ഇതുവരെ കാർഷിക, മൃഗസംരക്ഷണമേഖലയുമായി ബന്ധപ്പെട്ട നാനൂറിൽ അധികം ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.
- വിവിധ ഓൺലൈൻ നവമാധ്യമങ്ങളിലായി ഇതുവരെ 600-ൽ അധികം കാർഷിക വിജ്ഞാനവ്യാപന ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.
- സാങ്കേതിക ജ്ഞാനത്തോടെ അക്കാദമികമായ പ്രശ്നങ്ങൾ വിലയിരുത്തുകയും കൃഷി സ്നേഹികൾക്കാവശ്യമായ പാഠങ്ങൾ പകർന്നു നൽകുകയും ചെയ്യതിലൂടെയാണ് ഡോ. മുഹമ്മദ് ആസിഫ്. എം നെ അവാർഡിന് അർഹമാക്കിയത്.

**ആർ സാംബൻ**
ബ്യൂറോ ചീഫ്, ജനയുഗം, ഇടുക്കി.

- കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ജനയുഗം പ്രസിദ്ധീകരിച്ച നാല്



പരമ്പരകളും റിപ്പോർട്ടുകളുമാണ് ശ്രീ ആർ. സാംബനെ അവാർഡിന് അർഹനാക്കിയത്,

- കാർഷിക ജില്ലയായ ഇടുക്കിയിലെ കർഷകർ കാലാവസ്ഥ വ്യതിയാനം അടക്കമുള്ള കാരണങ്ങളാൽ നേരിടുന്ന പ്രതിസന്ധികളും അതിജീവന വഴികളുമാണ് പരമ്പരകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- വൈവിധ്യമാർന്ന പ്രശ്നങ്ങൾ വായനക്കാരിലേക്ക് എത്തിക്കുവാൻ ശ്രമിച്ചിരിക്കുകയും സമകാലിക പ്രശ്നങ്ങൾ കൈകാര്യം ചെയ്തിരിക്കുന്നതിലൂടെയും ഉള്ള മികവിന്റെ അടിസ്ഥാനത്തിലാണ് ശ്രീ ആർ, സാംബൻ പുരസ്കാരത്തിന് അർഹമായിരിക്കുന്നത്.

### കർഷക ഭാരതി അവാർഡ് നവ മാധ്യമം

ഏറ്റവും മികച്ച നവ മാധ്യമ രംഗത്തെ ഫാം ജേർണലിസ്റ്റിനുള്ള അവാർഡ്. 50,000 രൂപയും ഫലകവും, സർട്ടിഫിക്കറ്റും അടങ്ങുന്നതാണ് പുരസ്കാരം.

**അനു ദേവസ്യ**

പാണ്ടിയാംമാക്കൽ, പാറക്കടവ് , കട്ടപ്പന പി.ഒ, ഇടുക്കി



- **കാർഷിക മേഖലയുടെ വികസനവുമായി ബന്ധപ്പെട്ട് പത്തോളം ലേഖനങ്ങൾ, അഭിമുഖം, വീഡിയോ സ്റ്റോറി എന്നിവ ഇക്കാലയളവിൽ പ്രസിദ്ധീകരിച്ചു.**
- **ബ്ലോഗ്, വ്ലോഗ് സാധ്യതകൾ പ്രയോജനപ്പെടുത്തുകയും സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിലുമുള്ള മികവുമാണ് അവാർഡിന് അർഹയാക്കിയത്**

# ആരോഗ്യ കേരളത്തെ സൃഷ്ടിക്കണം: കൃഷിമന്ത്രി പി പ്രസാദ്

നമ്മുടെ ആരോഗ്യം നമ്മുടെ ഭക്ഷണത്തിലാണ്. പോഷകഗുണങ്ങൾ കൂടിയ കിഴങ്ങ് വർഗ്ഗങ്ങൾ ഭക്ഷണത്തിൽ ഉൾപ്പെടുത്തിയാൽ രോഗങ്ങൾ പരമാവധി കുറയ്ക്കാൻ സാധിക്കുമെന്ന് കൃഷിമന്ത്രി പി പ്രസാദ് പറഞ്ഞു. കിഴങ്ങുവിള വിത്ത് ഗ്രാമം പദ്ധതിയുടെ ഭാഗമായി കാർഷിക സെമിനാറും നടീൽ വസ്തുക്കളുടെയും കാർഷികോപാധികളുടെയും വിതരണവും ചേർത്തല എൻഎസ്എസ് ശതാബ്ദി ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തിൽ ആദ്യമായി ചേർത്തലയിൽ വിത്ത് ഉത്സവം സംഘടിപ്പിച്ചതു വഴി വിത്തുകളുടെ കൈമാറ്റം നടത്താൻ കഴിഞ്ഞുവെന്നും അന്യം നിന്നുപോയ വിത്തുകൾ സംരക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണെന്നും മന്ത്രി പറഞ്ഞു. 12 വർഷത്തെ അധ്വാനത്തിന്റെയും പ്രയത്നത്തിന്റെയും ഫലമാണ് പുതിയ മരച്ചീനി ഇനങ്ങളായ



കിഴങ്ങുവിള വിത്ത് ഗ്രാമം പദ്ധതിയുടെ ഭാഗമായി കാർഷിക സെമിനാറും നടീൽ വസ്തുക്കളുടെയും കാർഷികോപാധികളുടെയും വിതരണവും ചേർത്തല എൻഎസ്എസ് ശതാബ്ദി ഓഡിറ്റോറിയത്തിൽ കൃഷിമന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്യുന്നു.



കിഴങ്ങുവിള വിത്ത് ഗ്രാമം പദ്ധതിയുടെ ഭാഗമായി കാർഷിക സെമിനാറും നടീൽ വസ്തുക്കളുടെയും കാർഷികോപാധികളുടെയും വിതരണവും ചേർത്തല എൻഎസ്എസ് ശതാബ്ദി ഓഡിറ്റോറിയത്തിൽ കൃഷിമന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു.

"ശ്രീ അന്ന"വും ശ്രീ മന്നയുമെന്നും ആറ് വർഷത്തെ പ്രയത്നത്തിന്റെ ഫലമാണ് മധുരക്കിഴങ്ങ് ഇനങ്ങളും സിറ്റിസിആർഐ ശാസ്ത്രജ്ഞർ വികസിപ്പിച്ചതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ചേർത്തല നഗരസഭ മുൻസിപ്പൽ ചെയർപേഴ്സൺ ഷേർലി ഭാർഗ്ഗവൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ നഗരസഭ വൈസ് ചെയർമാൻ റ്റി എസ് അജയകുമാർ സ്വാഗതവും തിരുവനന്തപുരം സിറ്റിസിആർഐ ഡയറക്ടർ ഡോ ജി ബൈജു മുഖ്യപ്രഭാഷണവും നടത്തി. ആലപ്പുഴ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ എസ് ശിവപ്രസാദ്, വയലാർ പഞ്ചായത്ത് പ്രസിഡന്റ് ഓമന ബാനർജി, നഗരസഭ കൗൺസിലർ രാജശ്രീ ജ്യോതിഷ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരായ ഷൈജ കെ എസ്, ഫാത്തിമ റഹിയാനത്ത്, പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ ജെ ശ്രീകുമാർ, ജനപ്രതിനിധികൾ തുടങ്ങിയവർ സംസാരിച്ചു.

അഖില ഭാരതീയ കിഴങ്ങു വിള ഏകോപന പദ്ധതിയുടെ ഭാഗമായി കിഴങ്ങു വിള ഗവേഷണ സ്ഥാപനവും കേരള കാർഷിക വികസന കർഷക ക്ഷേമ വകുപ്പുമായി ചേർന്നാണ് നടീൽ വസ്തുക്കളുടെയും കാർഷികോപാധികളുടെയും വിതരണം നടത്തിയത്. നാൽപ്പതോളം പട്ടിക ജാതി കർഷകർക്ക് അറബാന, പച്ചക്കറി വിത്തുകൾ, കിഴങ്ങു വിള നടീൽ വസ്തുക്കൾ, കാർഷികോപകരണങ്ങൾ എന്നിവ വിതരണം നടത്തി. 2030 ഓടുകൂടി 100 കിഴങ്ങു വിള സ്മാർട്ട് ക്ലസ്റ്ററുകൾ രൂപീകരിച്ച് കിഴങ്ങു വിളകളുടെ സമഗ്ര മൂല്യശൃംഖല വികസനമാണ് ലക്ഷ്യമിടുന്നതെന്ന് സി ടി സി ആർഐ ഡയറക്ടർ ഡോ. ജി ബൈജു പറഞ്ഞു.

കിഴങ്ങ് വിളകളുടെ ശാസ്ത്രീയ കൃഷി രീതികൾ, കിഴങ്ങ് വിളകളിലെ രോഗ കീട നിയന്ത്രണം എന്നീ വിഷയങ്ങളിൽ ഐസിഎ ആർ & സി ടി സി ആർ ഐ എന്നിവിടങ്ങളിൽ നിന്നുള്ള ശാസ്ത്രജ്ഞരായ ഡോ സുജ, ഡോ എച്ച് കേശവകുമാർ എന്നിവർ ക്ലാസുകൾ നയിച്ചു.

# കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ യുവ വെറ്ററിനറി ഡോക്ടർമാർക്കായി സംഘടിപ്പിച്ച കരിയർ ഓറിയന്റേഷൻ സെമിനാറും പ്രൊഫഷണൽ ഇൻഡക്ഷൻ പരിപാടിയും മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു

കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പുതുതായി രജിസ്റ്റർ ചെയ്ത വെറ്ററിനറി പ്രാക്ടീഷണർമാർക്കായുള്ള കരിയർ ഓറിയന്റേഷൻ സെമിനാറും പ്രൊഫഷണൽ ഇൻഡക്ഷൻ പരിപാടിയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വിതരണവും പേരൂർക്കടയിലുള്ള കൗൺസിൽ ആസ്ഥാനത്ത് നടന്നു. ബഹുമാനപ്പെട്ട മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചു\റാണി പരിപാടി ഉദ്ഘാടനം ചെയ്തു. പരിപാടിയിൽ വെറ്ററിനറി കൗൺസിൽ പ്രസിഡന്റ് ഡോ. കെ.ആർ. ബിന്ദു പ്രശാന്ത് അധ്യക്ഷത വഹിച്ചു. കൗൺസിൽ രജിസ്ട്രാർ ജിജിമോൻ ജോസഫ് സ്വാഗതം പറഞ്ഞു. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. റെജിൽ എം.സി. മുഖ്യപ്രഭാഷണം നടത്തി. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് മാനേജിംഗ് ഡയറക്ടർ ഡോ. രാജീവ് ആർ., കൗൺസിൽ അംഗങ്ങളായ ഡോ. ഡെന്നിസ് തോമസ്, ഡോ. ലീന പോൾ, ഡോ. മുഹമ്മദ് അസ്‌ലം എം. കെ. എന്നിവർ സംസാരിച്ചു.

കരിയർ ഓറിയന്റേഷൻ സെമി

നാറിന്റെ ഭാഗമായി നടന്ന സെഷനകളിൽ വെറ്ററിനറി മേഖലയിലെ അവസരങ്ങളും കരിയർ പാതയും എന്ന വിഷയത്തിൽ ഡോ. ടി.പി. സേതുമാധവൻ, വിസിഐ നിയമങ്ങളും ചട്ടങ്ങളും എന്ന വിഷയത്തിൽ ഡോ. വി.എ. അനിൽ കുമാർ, മികച്ച വെറ്ററിനറി പ്രാക്ടീസ് എന്ന വിഷയത്തിൽ ഡോ. ദീപു ഫിലിപ്പ് മാത്യു എന്നിവർ ക്ളാസ്സുകൾ കൈകാര്യം ചെയ്തു.

വിവിധ കോളേജുകളിൽ നിന്നായി ഈ വർഷം പഠിച്ചിറങ്ങി പുതിയതായി വെറ്ററിനറി കൗൺസിലിൽ രജിസ്റ്റർ ചെയ്ത ഏകദേശം 120 വിദ്യാർത്ഥികളാണ് പരിപാടിയിൽ സംബന്ധിച്ചത്.



കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ യുവ വെറ്ററിനറി ഡോക്ടർമാർക്കായി സംഘടിപ്പിച്ച കരിയർ ഓറിയന്റേഷൻ സെമിനാറും പ്രൊഫഷണൽ ഇൻഡക്ഷൻ പരിപാടിയും മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യുന്നു.

# കേരള കർഷകൻ മാസികയുടെ ഓണപതിപ്പ് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് പ്രകാശനം ചെയ്തു



കൃഷി വകുപ്പ് ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണമായ കേരള കർഷകൻ മാസികയുടെ ഓണപതിപ്പ് സെക്രട്ടറിയേറ്റ് അങ്കണത്തിൽ നടന്ന ചടങ്ങിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ്, തുറമുഖം മ്യൂസിയം വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രന് നൽകി പ്രകാശനം ചെയ്തു. സംസ്ഥാനത്തൊട്ടാകെ കൃഷിവകുപ്പിന്റെയും കർഷകരുടെയും നേതൃത്വത്തിൽ നടക്കുന്ന ഓണം ഒരുക്കങ്ങളുടെ വിശേഷങ്ങളും ഒപ്പം ഈ ഓണം കേരളാഗ്രോയ്ക്കൊപ്പം, ഉദ്യാനവിള കൃഷി പുതിയ ഉയരങ്ങളിലേക്ക് എന്നീ ഫീച്ചറുകളും ഓണപതിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രകാശന ചടങ്ങിൽ കാർഷിക ഉത്പാദന കമ്മീഷണർ ഡോ ബി അശോക് ഐ.എ.എസ്., കൃഷിവകുപ്പ് ഡയറക്ടർ ഡോ ശ്രീറാം വെങ്കിട്ടരാമൻ ഐ.എ.എസ്. മറ്റ് കൃഷിവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

കേരള കർഷകൻ വാർഷിക വരിസംഖ്യ 200 രൂപയും ഓൺലൈൻ പതിപ്പിന് 100 രൂപയുമാണ്. www.fibkerala.gov.in എന്ന വെബ് സൈറ്റ് വഴി മാസികയുടെ വരിക്കാരാകാവുന്നതാണ്.

# 'ഇ സമൃദ്ധ' ക്ഷീരകർഷകർക്ക് സേവനം വിരൽത്തുമ്പിൽ ലഭ്യമാകും : മന്ത്രി ജെ. ചിഞ്ചുറാണി

## മികച്ച സാങ്കേതിക വിദ്യകളുടെ പ്രയോഗം മൃഗസംരക്ഷണ മേഖലയ്ക്ക് കരുത്തേകും



സംസ്ഥാന മൃഗസംരക്ഷണ വകുപ്പിൻ്റെ "ഇ-സമൃദ്ധ" പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി നിർവ്വഹിക്കുന്നു.

'ഇ സമൃദ്ധ' സംസ്ഥാനതല ഉദ്ഘാടനം മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിച്ചു. മൃഗങ്ങളുടെ ആരോഗ്യ പരിപാലനം, രോഗപ്രതിരോധം, കർഷകരെ ശാക്തീകരിക്കുക എന്നിവ ലക്ഷ്യമിട്ട് വകുപ്പ് ആരംഭിച്ച 'ഇ സമൃദ്ധ' യിലൂടെ ക്ഷീരകർഷകർക്ക് ആവശ്യമായ സേവനം വിരൽത്തുമ്പിൽ ലഭ്യമാകുമെന്ന് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി. കേരള നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ചിറ്റയം ഗോപകുമാറിന്റെ അധ്യക്ഷതയിൽ, അടൂർ ആൾ സെയിന്റ്സ് പബ്ലിക്ക് സ്കൂൾ & ജൂനിയർ കോളേജ് ആഡിറ്റോറിയത്തിൽ വച്ച് നടന്ന ചടങ്ങിൽ കർഷകർക്കുള്ള മൊബൈൽ അപ്ലിക്കേഷനും "ഇ-സമൃദ്ധ" വെബ്സൈറ്റും നാടിന് സമർപ്പിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതിയിലൂടെ കർഷകർക്ക് മൊബൈൽ ഫോണിലൂടെ പശുക്കളുടെ എല്ലാ വിവരങ്ങളും അറിയാനാകും. 'ഇ സമൃദ്ധ' യിലൂടെ വളർത്തുമൃഗങ്ങൾക്കും ഹെൽത്ത് കാർഡാണ് ലഭ്യമാകുന്നത്. പശുക്കൾക്ക്കൂടുതൽ പരിചരണം നൽകുന്നതിലൂടെ ഉൽപാദനം വർധിപ്പിക്കുവനാകും. പാലുൽപാദനത്തിൽ കേരളത്തിന് രണ്ടാം സ്ഥാനമാണ്. സംസ്ഥാനത്തെ 95 ശതമാനം പശുക്കളും സങ്കരയിനമായതിനാൽ ആഭ്യന്തര ഉൽപാദനം മികച്ച രീതിയിൽ നടക്കുന്നു. മൃഗസംരക്ഷണ വകുപ്പിനു കീഴിലുള്ള ഫാമുകളിൽ പ്രതിദിനം 2000 ലിറ്ററിനു പുറത്താണ് പാലുൽപാദനം. പാലിന് ഏറ്റവും കൂടുതൽ വില നൽകുന്ന സംസ്ഥാനമാണ് കേരളമെന്നും മന്ത്രി പറഞ്ഞു. വിവിധ പദ്ധതികളിലൂടെ ക്ഷീരകർഷകരുടെ ഉന്നമനമാണ വകുപ്പിന്റെ ലക്ഷ്യം. അപകടങ്ങളിൽ പെട്ട് മരിക്കുന്ന ക്ഷീരകർഷകന് 5 ലക്ഷം രൂപ വരെ ലഭിക്കുന്ന പദ്ധതികൾ മൃഗസംരക്ഷണ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്.

അതിദരിദ്ര്യ പട്ടികയിലുൾപെട്ടവർക്ക് മൃഗസംരക്ഷണ വകുപ്പ് സബ്സിഡിയോടെ ഒരു ലക്ഷം രൂപ ധനസഹായം നൽകും. ക്ഷീരകർഷകർക്ക് 85 ശതമാനം പണം ക്ഷീരസംഘങ്ങൾ വഴിയാണ് വിതരണം ചെയ്യുന്നത്. ക്ഷീരകർഷകരുടെ മക്കൾക്കായി സ്കോളർഷിപ്പ്, വിവാഹ ധനസഹായം, ഓണം മധുരം പദ്ധതിയിലൂടെ 500 രൂപ എന്നിവ നൽകുന്നു. ചർമ്മമുഴ രോഗം ബാധിച്ച മരണപെട്ടതും, ചൂട്ടകുടി മരണപ്പെട്ടതും ആയ ഇൻഷ്വറൻസ് ഇല്ലാത്ത പശുക്കൾക്ക് 37,500 രൂപ വീതം കഴിഞ്ഞ ഒരു വർഷം നൽകിയിരുന്നു. നിലവിൽ ഇടത്തരം പശുക്കൾക്ക് 20,000 രൂപയും ചെറിയ പശുക്കൾക്ക് 10000 രൂപയും നൽകുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ സമഗ്ര ഇൻഷുറൻസ്പദ്ധതിയിലൂടെ ആദ്യ ഗഡുവായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

പശുക്കളുടെ വന്ധ്യത മാറ്റാനുള്ള ചികിത്സ കേന്ദ്രങ്ങൾ കോഴിക്കോട്, വൈക്കം, കൊല്ലം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു. മൃഗചികിത്സയുമായി ബന്ധപെട്ട് '1962' ഹെൽപ്പ്ലൈനിലൂടെ ഡോക്ടറുടെ സേവനവും ആവശ്യമുള്ള മരുന്നുകളും വീട്ടുമുറ്റത്ത് എത്തിക്കുന്നു. വൈകിട്ട് 4 മുതൽ രാത്രി 12 വരെ ഈ




സംസ്ഥാന മൃഗസംരക്ഷണ വകുപ്പിൻ്റെ "ഇ-സമൃദ്ധ" പദ്ധതിയുടെ കർഷകർക്കുള്ള മൊബൈൽ ആപ്ലിക്കേഷൻ ഉദ്ഘാടനം അടൂർ നഗരസഭ ചെയർപേഴ്സൺ കെ.മഹേഷ്കുമാർ നിർവ്വഹിക്കുന്നു.

സേവനം ലഭ്യമാണ്. ഓപ്പറേഷൻ ഉൾപ്പെടെ നടത്തുന്നതിനുള്ള ആംബുലൻസ് സൗകര്യവും വകുപ്പ് ഒരുക്കിയിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ വീട്ടുമുറ്റത്ത് സേവനം എത്തിക്കുന്നതിനുള്ള പ്രവർത്തനം നടക്കുന്നതായും മന്ത്രി പറഞ്ഞു. 'ഇ സമൃദ്ധ' വെബ്സൈറ്റ് ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. സമാനതകളില്ലാത്ത വികസനമാണ് അടൂർ മണ്ഡലത്തിൽ നടക്കുന്നതെന്ന് കേരള നിയമസഭ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പറഞ്ഞു. സംസ്ഥാന മൃഗസംരംക്ഷണ വകുപ്പ് ആധുനിക സംവിധാനത്തിലേക്ക് ഉയർന്നു. സഞ്ചരിക്കുന്ന വെറ്ററിനറി ക്ലിനിക്കിലൂടെ മൃഗചികിത്സ വേഗത്തിലായതായും അധ്യക്ഷത വഹിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു. കർഷകർക്കുള്ള മൊബൈൽ ആപ്ലിക്കേഷൻ അടൂർ നഗരസഭ ചെയർപേഴ്സൺ കെ.മഹേഷ്കുമാർ നിർവഹിച്ചു. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. എം.സി റെജിൽ IAS പദ്ധതി വിശദീകരിച്ചു. ചടങ്ങിനോട് അനുബന്ധിച്ച് പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്കിലെ ഏറ്റവും കൂടുതൽ പാൽ അളക്കുന്ന രണ്ട് ക്ഷീരകർഷകരേയും ആദരിച്ചു.

കന്നുകാലികളുടെ ജി ഐ എസ് മാപ്പിംഗും ആർ എഫ് ഐ ഡി ടാഗിംഗും നടത്തുന്നതിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർകെഐ) 7.525 കോടി രൂപ ചെലവഴിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് "ഇ-സമൃദ്ധ" (ഡിജിറ്റൽ ഹെൽത്ത് മാനേജ്മെന്റ് സിസ്റ്റം). മൃഗസംരക്ഷണ വകുപ്പിന്റെ വെറ്ററിനറി ആശുപത്രികൾ ആധുനികവൽക്കരിക്കുക, സൈബർ സംവിധാനത്തിലൂടെ മൃഗചികിത്സ ഏകോപിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ ഉരുക്കൾക്ക് ആർ എഫ് ഐ ഡി ടാഗിംഗ് നടപ്പാക്കി. സോഫ്റ്റ് വെയർ മൊഡ്യൂളുകളുടെ ഭാഗമായി അനിമൽ ഹെൽത്ത് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം പൂർത്തീകരിച്ചു.

തിരുവനന്തപുരം കുടപ്പനക്കുന്ന് മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയിലും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി. പത്തനംതിട്ട ജില്ലയിലെ എല്ലാ മൃഗചികിത്സ കേന്ദ്രങ്ങളിലും മറ്റു ജില്ലകളിലെ സ്ഥാപനങ്ങളിലും ഉൾപ്പടെ 130 കേന്ദ്രങ്ങളിൽ "ഇ സമൃദ്ധ" അനിമൽ ഹെൽത്ത് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി സംസ്ഥാന വ്യാപകമായി നടപ്പാക്കും. പത്തനംതിട്ട ജില്ലയിൽ എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങൾക്കും പദ്ധതി നടത്തിപ്പിനാവശ്യമായ ഹാർഡ്‌വെയർ വാങ്ങി. പദ്ധതിയുടെ ഭാഗമായി ലബോറട്ടറി മാനേജ്മെന്റ് സിസ്റ്റം, നവീകരിച്ച പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിന് സോഫ് യർ ആപ്ലിക്കേഷൻ എന്നിവ ഒക്ടോബറിൽ സജ്ജമാകും.

'ഇ സ്റ്റോക്ക് മാനേജ്മെന്റ് സിസ്റ്റം' അടുത്ത ഘട്ടത്തിൽ പദ്ധതിയുടെ ഭാഗമായി തയ്യാറാകും. പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം പി മണിയമ്മ , പന്തളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അനീഷ്മോൻ ബി എസ് ,അടൂർ നഗരസഭ വൈസ് ചെയർപേഴ്സൺ രാജി ചെറിയാൻ , നഗരസഭ സ്ഥിരം സമിതി ചെയർപേഴ്സൺമാരായ അജി പി വർഗീസ് , രമേശ് വരിക്കോലി , എം. അലാവുദ്ധീൻ, നഗരസഭ കൗൺസിലർമാരായ ഡി സജി, അനിതാദേവി, തുളസീധരകുറുപ്പ് , മൃഗസംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ കെ സിന്ധു, മിൽമ ഡയറക്ടർ ബോർഡ് അംഗം മുണ്ടപ്പള്ളി തോമസ് , മറ്റു രാഷ്ട്രീയപാർട്ടി പ്രതിനിധികൾ എന്നിവരും സംബന്ധിച്ചു. അടൂർ നഗരസഭ ചെയർപേഴ്സൺ കെ.മഹേഷ് കുമാർ സ്വാഗതവും പത്തനംതിട്ട ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ എസ് സന്തോഷ് നന്ദിയും പറഞ്ഞു.

'സൈബർയുഗം- മാറുന്ന മൃഗസംരക്ഷണ മേഖല' വിഷയത്തിൽ മൃഗസംരക്ഷണ വകുപ്പ് റിട്ട. ജോയിന്റ് ഡയറക്ടർ ഡോ. ബി. അജിത്ത്ബാബു, കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി സി ഡി ഐ പി ആർ ഡി ഡയറക്ടർ ഡോ. അജിത്കുമാർ, കെ എൽഡിബി അസിസ്റ്റന്റ് മാനേജർ ഡോ.അവിനാശ് കുമാർ എന്നിവർ സെമിനാർ നയിച്ചു. കൊല്ലം ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ.ഷൈൻ കുമാർ ഡി മോഡറേറ്ററായിരുന്നു.

# കാർഷികോല്പന്നങ്ങൾക്ക് കർഷകർ തന്നെ വിലയിടുന്ന കാലം വരണം – കൃഷി മന്ത്രി പി പ്രസാദ്




പാങ്ങോട് ക്ഷേത്രമൈതാനിയിൽ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്, സംസ്ഥാന കാർഷികവികസന കർഷകക്ഷേമ വകുപ്പുമായി ചേർന്ന് സംഘടിപ്പിക്കുന്ന മൂന്നുദിവസത്തെ കാർഷികോത്സവം കൃഷിമന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്യുന്നു.

ഇ റ്റെല്ലാ രംഗത്തും ഉത്പാദകർ തന്നെ ഉത്പന്നങ്ങളുടെ വില നിശ്ചയിക്കുമ്പോൾ കർഷകരുടെ ഉത്പന്നങ്ങൾക്ക് മറ്റുള്ളവർ വില നിശ്ചയിക്കുന്ന രീതിയാണ് നിലനിൽക്കുന്നതെന്നും ഇതിന് മാറ്റമുണ്ടാകണമെന്നും കൃഷിമന്ത്രി പി. പ്രസാദ്. പാങ്ങോട് ക്ഷേത്രമൈതാനിയിൽ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്, സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പുമായി ചേർന്ന് സംഘടിപ്പിക്കുന്ന മൂന്നുദിവസത്തെ കാർഷികോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കർഷകർ തകർന്നാൽ അവരുടെ കുടുംബം മാത്രല്ല നാടും തകരും. മാരക കീടനാശിനികൾ ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾ കൊണ്ടുള്ള ഭക്ഷണം കഴിച്ച് 56 ശതമാനത്തിലധികം പേർ രോഗികളായി മാറിക്കഴിഞ്ഞു. വിഷരഹിതമായ ഭക്ഷണത്തിനായി നാം കൃഷിയിടത്തിലേക്കിറങ്ങണം. കേരളത്തിൽ ഒരിഞ്ചുപോലും തരിശുഭൂമി അവശേഷിപ്പിക്കാതെ കൃഷിയിടങ്ങളാക്കാൻ നിയമം നടപ്പാക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. കോവൂർ കുഞ്ഞുമോൻ എംഎൽഎ അധ്യക്ഷനായി. കൃഷി അസിസ്റ്റന്റ് ഡയറക്ടർ വി.എസ്. സരിത പദ്ധതി വിശദീകരിച്ചു.

വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്. രഞ്ജിത്. ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റുമാരായ വി. രാധാകൃഷ്ണൻ, ഷിബ ചെല്ലപ്പൻ, എബി ഷാജി, ജില്ലാപഞ്ചായത്ത് അംഗങ്ങളായ വി.സുമാലാൽ, ആർ. രശ്മി, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ദിവ്യ ചന്ദ്രശേഖർ, കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫിസർ എം.എസ്. അനിസ, കൊല്ലം ആത്മ ഡയറക്ടർ ജോജി മറിയം ജോർജ്, ബ്ലോക്ക് ഗ്രാമപഞ്ചായത്ത്അംഗങ്ങൾ, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ ആശംസകൾ അർപ്പിച്ചു.

കുളക്കട, പവിത്രേശ്വരം, മൈലം, മേലില, വെട്ടിക്കവല, ഉമ്മന്നൂർ ഗ്രാമപ്പഞ്ചായത്തുക ളിലെ മികച്ച കർഷകരെയും സ്കൂളുകളെയും ചടങ്ങിൽ ആദരിച്ചു. 27-നാണ് സമാപനം. വിവിധ വിപണന-പ്രദർശന സ്റ്റാളുകളും കാർഷികോത്സവത്തിന്റെ ഭാഗമായുണ്ട്.



# ഓണക്കാലം ആരോഗ്യ കേരളത്തിലേക്കുള്ള പുത്തൻ ചുവടുവെപ്പ്: കൃഷിമന്ത്രി പി.പ്രസാദ്

ഓണക്കാലം വിഷരഹിത ഭക്ഷണകാലമാണെന്നും ആരോഗ്യ കേരളത്തിലേക്കുള്ള പുത്തൻ ചുവടുവെയ്പ്പാണെന്നും കൃഷിമന്ത്രി പി. പ്രസാദ് പറഞ്ഞു. ഓണസമൃദ്ധി 2025 കർഷകചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്തുടനീളം 2000 കർഷകചന്തകളാണ് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ 2025 സെപ്റ്റംബർ 1 മുതൽ ആരംഭിക്കുന്നത്. ഓണവിപണി ലക്ഷ്യമാക്കി കർഷകർ ഉൽപാദിപ്പിച്ച നടൻ/ജൈവ ഉൽപ്പന്നങ്ങൾക്ക് മികച്ച വില്പന ഉറപ്പുവരുത്തുന്നതിനും പൊതുജനങ്ങൾക്ക് സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നതും, അതിനോടൊപ്പം ഓണക്കാലത്ത് പച്ചക്കറി വിപണിയിൽ ഉണ്ടാകാറുള്ള അനിയന്ത്രിത വിലക്കയറ്റം തടയുന്നതും ലക്ഷ്യമിട്ടാണ് കൃഷിവകുപ്പ് ഈ സമഗ്ര വിപണി ഇടപെടൽ നടത്തുന്നതെന്ന് മന്ത്രി പറഞ്ഞു. പ്രകൃതിക്ഷോഭങ്ങൾ ഉൾപ്പെടെ പ്രതികൂല കാലാവസ്ഥയിലും രണ്ട് ലക്ഷം ടൺ പച്ചക്കറി അധികം ഉല്പാദിപ്പിക്കാൻ കേരളത്തിനു കഴിഞ്ഞെന്നും അഖിലേന്ത്യാതലത്തിൽ കാർഷിക മേഖല 2.1 ശതമാനം വളർച്ച കൈവരിച്ചപ്പോൾ കേരളം 4.65 ശതമാനം എന്ന അഭിമാനകരമായ വളർച്ച കൈവരിച്ചെന്നും മന്ത്രി കൂട്ടിച്ചേർത്തു. കർഷകരുടെ വരുമാന വർദ്ധനവിൽ കൃഷി വകുപ്പ് പ്രതിജ്ഞാബദ്ധമാണ്, അന്തസാർന്ന ജീവിതം നയിക്കാൻ കഴിയുന്ന തരത്തിൽ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചതായും മന്ത്രി പറഞ്ഞു.

എറണാകുളം, കരുമാലൂർ ഗ്രാമപഞ്ചായത്ത് ഇക്കോ ഷോപ്പിൽ നടന്ന ചടങ്ങിൽ വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മനോജ് മൂത്തേടൻ പഴം പച്ചക്കറി ഉൽപ്പന്നങ്ങൾ ഏറ്റുവാങ്ങി. ജില്ലാ കളക്ടർ ജി. പ്രിയങ്ക ഐ.എ.എസ്. ഭൗമസൂചിക ഉൽപ്പന്നങ്ങൾ ഏറ്റുവാങ്ങി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് രമ്യ തോമസ് കേരളഗ്രോ ഉൽപ്പന്നങ്ങൾ ഏറ്റുവാങ്ങി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സബിത നാസർ പുഷ്പകൃഷി ഉൽപ്പന്നങ്ങൾ ഏറ്റുവാങ്ങി.

കർഷകരിൽ നിന്നും നേരിട്ട് ഉപഭോക്താവിലേക്ക് എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന കർഷക ചന്തയിൽ ഇത്തവണ കൃഷി വകുപ്പിന്റെ കേരളഗ്രോ ബ്രാൻഡഡ് ഉൽപ്പന്നങ്ങളും, ഭൗമസൂചിക ഉൽപ്പന്നങ്ങളും ലഭ്യമാക്കും. കൃഷിഭവനുകൾ കേന്ദ്രീകരിച്ച് 1076 വിപണികളും, ഹോർട്ടികോർപ്പിന്റെ 764 വിപണികളും വി.എഫ്.പി.സി.കെ. നടപ്പിലാക്കുന്ന 160 വിപണികളും ഉൾപ്പെടെ ആകെ 2000 കർഷക ചന്തകളാണ് ഈ വർഷം കൃഷിവകുപ്പ് ഒരുക്കിയിട്ടുള്ളത്. പൊതുവിപണിയിലെ വിലയുടെ 10% അധികം വില നൽകി കർഷകരിൽ നിന്നും സംഭരിക്കുന്ന പഴം പച്ചക്കറികൾ വിപണി വിലയേക്കാൾ 30% വില കുറച്ചാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത്. തിങ്കൾ മുതൽ വ്യാഴം (04.09.2025) വരെയാണ് ചന്തകൾ പ്രവർത്തിക്കുക.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ഡോ ശ്രീറാം വെങ്കിട്ടരാമൻ ഐ.എ.എസ്., ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ് എം ആർ രാധാകൃഷ്ണൻ, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് പോൾസൺ ഗോപുരത്തിങ്കൽ, വി.എഫ്.പി.സി.കെ. സി.ഇ.ഓ. ബിജിമോൾ കെ ബേബി, കൃഷി വകുപ്പ് അഡീഷണൽ ഡയറക്ടർ എസ്. സിന്ധു, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ ജയശ്രീ ഗോപികൃഷ്ണൻ, കെ.എസ്. ഷഹന, ഗ്രാമപഞ്ചായത്ത് അംഗം ബീന ബാബു, കർഷക പ്രതിനിധി ടി.കെ. അബ്ദുൽ റസാഖ്, കർഷക തൊഴിലാളി ഷാജി എം.വി. തുടങ്ങിയവർ പങ്കെടുത്തു.



ഓണസമൃദ്ധി 2025 കർഷകചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം കൃഷിമന്ത്രി പി. പ്രസാദ് നിർവഹിക്കുന്നു.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sindu K.S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. V. Krishnadas., Design & Layout : Maya Santhosh